# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9846720402**

**പി.ആർ.ഒ/35/253/2016** **പത്രക്കുറിപ്പ്** **2016 നവംബർ 25**

### പരീക്ഷ മാറ്റി
മഹാത്മാ ഗാന്ധി സർവ്വകലാശാല നവംബർ 28ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും ഹർത്താൽ പ്രഖ്യാപിച്ച സാഹചര്യത്തിൽ മാറ്റി വച്ചു. പുതുക്കിയ തീയതി പീന്നീട്.

### ഒന്നാം സെമസ്റ്റർ യു.ജി പരീക്ഷ: അപേക്ഷാ തീയതി
ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് (2015) പരീക്ഷയുടെ ഫലം തടഞ്ഞുവയ്ക്കപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് നവംബർ 29 വരെ പിഴയില്ലാതെ ഫീസടച്ച് സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷകൾക്ക് അപേക്ഷിക്കാം.

### വിദ്യാർത്ഥികളുടെ ശ്രദ്ധയ്ക്ക്
വിദ്യാർത്ഥി പ്രവേശനവുമായി ബന്ധപ്പെട്ട് സർവ്വകലാശാലയിൽ സമർപ്പിക്കുന്ന പരാതികളിൽ വിദ്യാർത്ഥികൾ ഫോൺ നമ്പറുകൾ കൂടി ചേർക്കേണ്ടതാണ്.

### പരീക്ഷാ തീയതി
ഒന്നാം സെമസ്റ്റർ എം.എഡ് (ദ്വിവൽസര – 2016 അഡ്മിഷൻ റഗുലർ/2015 അഡ്മിഷൻ സപ്ലിമെന്ററി), മൂന്നാം സെമസ്റ്റർ എം.എഡ് (ദ്വിവൽസര – 2015 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷകൾ യഥാക്രമം ഡിസംബർ 13, 14 തീയതികളിൽ ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ ഡിസംബർ 1 വരെയും 50 രൂപ പിഴയോടെ 2 വരെയും 500 രൂപ സൂപ്പർഫൈനോടെ 5 വരെയും സ്വീകരിക്കും. റഗുലർ അപേക്ഷകർ 150 രൂപയും സപ്ലിമെന്ററി വിദ്യാർത്ഥികൾ ഓരോ പേപ്പറിനും 50 രൂപ വീതവും സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാ ഫീസിന് പുറമെ അടയ്ക്കണം.

### പ്രാക്ടിക്കൽ പരീക്ഷ
അഞ്ചാം സെമസ്റ്റർ ബി.എസ്.സി ഇലക്ട്രോണിക്സ് ആന്റ് ബി.എസ്.സി കംപ്യൂട്ടർ മെയിന്റനൻസ് ആന്റ് ഇലക്ട്രോണിക്സ് (റഗുലർ/സപ്ലിമെന്ററി) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ ബന്ധപ്പെട്ട കോളജുകളിൽ ഡിസംബർ 6 മുതൽ നടത്തും. വിശദവിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

### പരീക്ഷാ ഫലം
2015 ഒക്ടോബർ മാസം നടത്തിയ ഒന്നാം സെമസ്റ്റർ എം.ഫിൽ സോഷ്യൽ വർക്ക് ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 8 വരെ സ്വീകരിക്കും.

2015 ഡിസംബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി അപ്ലൈഡ് കെമിസ്ട്രി (സി.എസ്.എസ് – റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 8 വരെ സ്വീകരിക്കും.

2016 ജൂൺ, ജൂലൈ മാസങ്ങളിൽ നടത്തിയ നാലാം സെമസ്റ്റർഎം.എസ്.സി സുവോളജി (സി.എസ്.എസ് – റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, നോൺ സി.എസ്.എസ് – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 8 വരെ സ്വീകരിക്കും.

2016 ഏപ്രിൽ മാസം നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി കംപ്യൂട്ടർ എഞ്ചിനീയറിംഗ് ആന്റ് നെറ്റ് വർക്ക് ടെക്നോളജി (റഗുലർ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 8 വരെ സ്വീകരിക്കും.

## എൻ.ആർ.ഐ സീറ്റൊഴിവ്

സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ നടത്തുന്ന ബി.എസ്.സി മെഡിക്കൽ മൈക്രോബയോളജിയിൽ ഒരു എൻ.ആർ.ഐ സീറ്റൊഴിവുണ്ട്. താൽപര്യമുള്ള വിദ്യർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസുമായി രക്ഷിതാക്കളോടൊപ്പം നവംബർ 29ന് രാവിലെ 11 മണിക്ക് എസ്.എം.ഇ ഡയറക്ടറുടെ ഗാന്ധിനഗറിലുള്ള ഓഫീസിൽ എത്തിച്ചേരണം. ഫോൺ 0481–6061012, 6061014.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)